# കേരള സർവകലാശാല

നം. പി.ആർ.035/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള സർവകലാശാല ശാസ്ത്രയാൻ പദ്ധതി –പൊതുജനങ്ങൾക്ക് സന്ദർശിക്കാം

കേരള സർവകലാശാലയും റൂസയും സംയുക്തമായി സംഘടിപ്പിക്കുന്ന ശാസ്ത്രയാൻ പദ്ധതി ഫേബ്രുവരി 15, 16 തീയതികളിൽ കാര്യവട്ടം കാമ്പസിൽ നടക്കും. സർവകലാശാല വിദ്യാർത്ഥി സമൂഹത്തിലേക്കും പൊതുസമൂഹത്തിലേക്കും എത്തിച്ചേരുക എന്ന ലക്ഷ്യമാണ് ശാസ്ത്രയാൻ വിഭാവനം ചെയ്യുന്നത്. മാതൃസർവകലാശാലയുടെ വികസന ചരിത്രം, പ്രദർശനം, അക്കാദമിക പ്രവർത്തനങ്ങളുടെയും സാമൂഹിക പ്രസക്ത ഗവേഷണസംഭാവനകളുടേയും പരിചയപ്പെടുത്തൽ എന്നിവയിലൂടെ അക്കാദമിക സമൂഹവും പൊതുജനങ്ങളും തമ്മിൽ ആശയവിനിമയത്തിനുള്ള വേദി സൃഷ്ടിക്കുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം.നൂറ്കണക്കിന് താളിയോലകൾ ശേഖരിച്ചിരിക്കുന്നതും ഇന്ത്യയിൽതന്നെ അവശ്യം കണ്ടിരിക്കേണ്ടതുമായ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മാനുസ്ക്രിപ്റ്റ് ലൈബ്രറി, ഇലക്ട്രോൺ മൈക്രോസ്കോപ്, മാസ് സ്പെക്ട്രോമെട്രി, രാമൻ സ്പെക്ട്രോമീറ്റർ തുടങ്ങി അത്യാധുനിക ഉപകരണങ്ങൾ ഉള്ള സോഫിസ്റ്റിക്കേറ്റ് ഇൻസ്ട്രമെന്റേഷൻ ആന്റ് കമ്പ്യൂട്ടേഷൻ സെന്റർ, അക്വാട്ടിക് ബയോളജി, ആർക്കിയോളജി,ബോട്ടണി, ജിയോളജി, സുവൊളജി തുടങ്ങിയ മ്യൂസിയങ്ങൾ എന്നിവയാണ് പ്രധാന ആകർഷണങ്ങൾ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അധ്യാപകരുമായും ഗവേഷകരുമായും സംവദിക്കാനും പൊതുസന്ദർശനദിനങ്ങളിൽ സാധിക്കും.ഒപ്പം വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങളിൽ ഉപരിപഠനത്തിനും ഗവേഷണത്തിനും തൊഴിലിനും ഉള്ള സാധ്യതകൾ ആരായാനുള്ള സംവിധാനങ്ങളും വിവിധ പഠന ഗവേഷണ വകുപ്പുകൾ ഒരുക്കിയിട്ടുണ്ട്. പ്രവേശനം സൗജന്യമാണ്. സ്കൂളുകൾക്കും കോളേജുകൾക്കും ബാച്ചുകളായി പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ഫലം

2016 ഒക്ടോബറിൽ നടത്തിയ മൂന്നാ സെമസ്റ്റർ ബി.ടെക് (2013 സ്കീം), ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി ബിരുദപരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കേണ്ട അവസാന തീയതി ഫെബ്രുവരി 26.

## ബി.പി.ടി ഫലം

2017 മെയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.ടി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ഫെബ്രുവരി 24.

## ബി.സി.എ, ബി.എസ്സി പരീക്ഷാഫലം

2017 മെയിൽ നടത്തിയ മൂന്നും അഞ്ചും സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.സി.എ കോഴ്സിന്റെയും ബി.എസ്സി കംപ്യൂട്ടർ സയൻസ് ഡിഗ്രി കോഴ്സിന്റെയും (2010 സ്കീം, 2010 അഡ്മിഷൻ – മേഴ്സി ചാൻസ്, 2011 & 2012 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷ

2018 ഏപ്രിൽ 3 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് രണ്ട്, 50 രൂപ പിഴയോടെ മാർച്ച് അഞ്ച്, 125 രൂപ പിഴയോടെ മാർച്ച് ഏഴ് വരെയും ഫീസടച്ച് അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി ഫലം

2017 മെയിൽ നടത്തിയ മൂന്നും അഞ്ചും ആറും സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്സി ഇലക്ട്രോണിക്സ് ഡിഗ്രി (2013–ന് മുമ്പുള്ള അഡ്മിഷൻ & 2010 അഡ്മിഷൻ മേഴ്സിചാൻസ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പ്രാക്ടിക്കൽ

2017 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.കോം (എഫ്.ഡി.പി – സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 20 മുതൽ അതാതു കോളെജുകളിൽ വച്ച് നടത്തുന്നതാണ്. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

വിദൂരവിദ്യാഭ്യാസകേന്ദ്രം 2017 ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇംഗ്ലീഷ്, മലയാളം, മ്യൂസിക് സപ്ലിമെന്ററി പരീക്ഷകളുടെയും, 2017 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ പരീക്ഷയുടെയും മാർക്ക് ലിസ്റ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ഫെബ്രുവരി 14 മുതൽ ഹാൾടിക്കറ്റുമായി വന്ന് കൈപ്പറ്റണം.

## ദ്വിദിന ദേശീയ സമ്മേളനം

കേരള സർവകലാശാല കെമിസ്ട്രി പഠനവകുപ്പും, ഭോപ്പാൽ ഇന്ത്യൻ അസോസിയേഷൻ ഓഫ് ഹൈഡ്രജൻ എനർജി ആന്റ് അഡ്വാൻസ്ഡ് മെറ്റീരിയൽസും, ഒ.എൻ.ജി.സി–യും സംയുക്തമായി മാർച്ച് 16, 17 തീയതികളിൽ യുവ ശാസ്ത്രജ്ഞരുടെ ഹൈഡ്രജൻ എനർജി ആന്റ് അഡ്വാൻസ്ഡ് മെറ്റീരിയൽസ് –("HEAM Scientist 2017") ദ്വിദിന ദേശീയ സമ്മേളനം സംഘടിപ്പിക്കുന്നു. ജനറൽ പേപ്പർ അബ്സ്ട്രാക്റ്റ് സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 20.

## എം.എസ്‌സി, എം.എ, എം.പി.എ ഫലം

2017 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി കൗൺസിലിംഗ് സൈക്കോളജി, എം.എ മ്യൂസിക്, എം.പി.എ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ പരീക്ഷ

മാർച്ച് 14-ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യു ക്കേഷൻ (ഐ.ഡി)(റഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി)(2015 സ്കീം), മാർച്ച് 13-ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യു ക്കേഷൻ (ഐ.ഡി) (റഗുലർ & സപ്ലിമെന്ററി)(2015 സ്കീം) പരീക്ഷയ്ക്ക് പിഴ കൂടാതെ ഫെബ്രുവരി 22, 50 രൂപ പിഴയോടെ ഫെബ്രുവരി 24, 125 രൂപ പിഴ യോടെ ഫെബ്രുവരി 27 വരെയും ഫീസടച്ച് ഓൺലൈനായി ഫെബ്രുവരി 14 മുതൽ രജിസ്റ്റർ ചെയ്യാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രാക്ടിക്കൽ പരീക്ഷ തീയതി മാറ്റി

തിരുവനന്തപുരം ഗവ. വിമൻസ് കോളേജിൽ ഫെബ്രുവരി 15, 16 തീയതികളിൽ നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എസ്‌സി ബയോകെമിസ്ട്രി ആന്റ് ഇന്റ സ്ട്രിയൽ മൈക്രോ ബയോളജിയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 20, 21 തീയതികളിലേക്ക് മാറ്റി.

തിരുവനന്തപുരം.
12.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ